(15) കാസർഗോഡ് ജില്ലയിലെ കുടിവെള്ള ക്ഷാമം

ശ്രീ. സി. ടി. അഹമ്മദ് അലി : സംസ്ഥാനത്ത് ഏറ്റവും അധികം കുടിവെള്ളക്ഷാമം അനുഭവപ്പെടുന്ന ജില്ലയാണ് കാസർഗോഡ്. ഇപ്പോൾത്തന്നെ ആ മേഖലയിലെ കിണറുകളും പുഴകളും തോടുകളും എല്ലാംതന്നെ വറ്റിവരണ്ടുകഴിഞ്ഞിരിക്കുകയാണ്. കുടിവെള്ളത്തിന് ഇപ്പോൾത്തന്നെ ആൾക്കാർ നെട്ടോട്ടം ഓടിക്കൊണ്ടിരിക്കുകയാണ്. അവിടെ ജീവനക്കാരുടെ ഒഴിവുകൾ നിരവധിയാണ്. എഞ്ചിനീയർമാർ അടക്കം വിവിധ ഓഫീസുകളിൽ ജീവനക്കാർ ഇല്ലാതെ ഒഴിവുകൾ മാസങ്ങളും വർഷങ്ങളുമായി ഒഴിഞ്ഞു കിടക്കുകയാണ്. അടിയന്തിരമായി ആ ഒഴിവുകൾ നികത്താൻ ആവശ്യമായ അടിയന്തിര നടപടികൾ സ്വീകരിക്കണം. അഞ്ചുവർഷം മുമ്പ് പ്രീ-ക്വാളിഫിക്കേഷൻ ടെണ്ടർ ക്ഷണിച്ച ബാവിക്കര റെഗുലേറ്ററും.... ഇന്നുവരെ അതിന്റെ എസ്റ്റിമേറ്റ് പുതുക്കാനോ പുതുക്കിയ ടെണ്ടർ ക്ഷണിക്കാനോ മറ്റു നടപടികൾ സ്വീകരിക്കുന്നതിനോ ഗവൺമെന്റ് തയ്യാറായിട്ടില്ല. നിരവധി തവണ ഈ സഭയിൽ തന്നെ ഇക്കാര്യം ഉന്നയിക്കുകയും ബഹുമാനപ്പെട്ട മന്ത്രിക്ക് നേരിട്ട് എഴുതി കൊടുക്കുകയും ചെയ്തു. ഇതുവരെ അത് യാഥാർത്ഥ്യമാക്കുവാൻ ഗവൺമെന്റ് തയ്യാറായിട്ടില്ല. ഇക്കാര്യത്തിൽ അടിയന്തിര നടപടികൾ സ്വീകരിക്കണമെന്നഭ്യർത്ഥിക്കുന്നു. നിലവിലുള്ള കുഴൽക്കിണറുകളിൽ പലതിലും വെള്ളം ലഭിക്കുന്നില്ല. അവയുടെ ആഴം കൂട്ടുവാനും കേടുപാടുകൾ തീർക്കാനും അടിയന്തിര നടപടി സ്വീകരിക്കണം. ടാപ്പുകളിൽ പലതിലും വെള്ളമില്ല. ടാപ്പുകളിലെല്ലാം വെള്ളം ലഭ്യമാക്കാനും കേടായി കിടക്കുന്ന ബോർവെല്ലുകൾ എത്രയുംവേഗത്തിൽ കേടപാടുകൾ തീർക്കുകയും നിലവിലുള്ള കുഴൽ കിണറുകളുടെ ആഴം കൂട്ടാനാവശ്യമായ നടപടികൾ സ്വീകരിക്കുകയും ചെയ്യണമെന്ന് അഭ്യർത്ഥിക്കുന്നു. നിലവിലുള്ള ശുദ്ധജലവിതരണ പദ്ധതികൾ എത്രയുംവേഗം യാഥാർത്ഥ്യമാക്കണം. ജില്ലയിലെ കുടിവെള്ള പ്രശ്നം പരിഹരിക്കണമെങ്കിൽ മൂന്നാം കടവ് ജലസേചന പദ്ധതി യാഥാർത്ഥ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുകയും പുതിയ ശുദ്ധജല വിതരണ പദ്ധതികളുടെ ഇൻവെസ്റ്റിഗേഷൻ നടത്തി പണി പൂർത്തീകരിക്കാൻ ആവശ്യമായ നടപടികൾ സ്വീകരിക്കുകയും ചെയ്യണം. വാട്ടർ അതോറിറ്റിയുടെ വിവിധ ഓഫീസുകളിൽ ഭരണാനുമതി കാത്തുകിടക്കുന്ന എസ്റ്റിമേറ്റുകൾക്ക് ഭരണാനുമതി നൽകി അതിന്റെ പ്രവർത്തനം ആരംഭിക്കണം. നിയോജകമണ്ഡലാടിസ്ഥാനത്തിലുള്ള ഉപദേശക സമിതികൾ ഇന്ന് വെറുമൊരു നോക്കുകുത്തിയായി കിടക്കുകയാണ്. അതിന് യാതൊരു അധികാരവുമില്ല. അതുകൊണ്ട് നിയോജക മണ്ഡലാടിസ്ഥാനത്തിലുള്ള ഉപദേശകസമിതികൾക്ക് കൂടുതൽ അധികാരങ്ങൾ നൽകണം. കേടുപാടുകൾ വന്ന മോട്ടോറുകളുടെ കേടുപാടുകൾ തീർക്കുകയും പുതിയവ വാങ്ങുവാൻ ആവശ്യമായ നടപടികൾ സ്വീകരിക്കുകയും ചെയ്യണം. പുതിയ ബോർ വെല്ലുകളും കിണറുകളും വാട്ടർ സപ്ലൈ പദ്ധതികളും അടിയന്തിര മായി നടപ്പാക്കാൻ നടപടികൾ സ്വീകരിക്കണമെന്ന് ബഹുമാനപ്പെട്ട ജലസേചന വകുപ്പു മന്ത്രിയോടഭ്യർത്ഥിക്കുന്നു.

ജലസേചനവും തൊഴിലും വകുപ്പുമന്ത്രി (ശ്രീ. വി. പി. രാമകൃഷ്ണപിള്ള) : കാസർഗോഡ് ജില്ലയിൽ വാട്ടർ അതോറിറ്റി ഓഫീസുകളിലെ എഞ്ചിനീയർമാർ

LIBRARY ARCHIVES Kerala Legislative Assembly

ഉൾപ്പെടെയുള്ള എല്ലാ തസ്തികകളിലേയും ഒഴിവുകൾ നികത്തുന്നതിനാവശ്യമായ ഉദ്യോഗാർത്ഥികളുടെ ലിസ്റ്റ് പി. എസ്. സി.യോട് ആവശ്യപ്പെട്ടിട്ടുണ്ട്. പി. എസ്. സി. അഡ്വൈസ് ലഭിക്കുന്ന മുറയ്ക്ക് ഒഴിവുകളിലേക്ക് സ്ഥിരം നിയമനം നടത്തുന്നതാണ്. അസിസ്റ്റന്റ് എഞ്ചിനീയർമാരുടെ ഒഴിവുകളിൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് വഴി താൽക്കാലികാടിസ്ഥാനത്തിൽ നിയമിച്ചുവരുന്നുണ്ട്. ഈ ജില്ലയിൽ കേരള വാട്ടർ അതോറിറ്റി നടപ്പിലാക്കിയ 103 ചെറുതും വലുതുമായ ശുദ്ധജലവിതരണ പദ്ധതികളാണ് നിലവിലുള്ളത്. ഇവ മുഖാന്തിരം ജില്ലയിലെ 3.27 ലക്ഷത്തോളം പേർക്ക് ശുദ്ധജലം ലഭിക്കുന്നുണ്ട്. 11 പദ്ധതികളുടെ നിർമ്മാണ പ്രവർത്തനങ്ങൾ നടന്നുവരുന്നുണ്ട്. 7 എണ്ണത്തിന് പുതുതായി അനുവാദം നൽകിയിട്ടുണ്ട്. കാസർകോട് ജില്ലയിൽ ഇപ്പോൾ 40 കോടിരൂപയുടെ രാജീവ്ഗാന്ധി നാഷണൽ ഡ്രിങ്കിംഗ് വാട്ടർ സ്കീം നടപ്പിലാക്കുന്നുണ്ട്. കാസർകോട് ജില്ലയിലെ ജനങ്ങൾക്ക് അതൊരു വലിയ ആശ്വാസമാണ്. ജനങ്ങളുടെ സപ്പോർട്ടോടുകൂടിയുള്ള ഒരു പുതിയ സ്കീമാണ്. മൂളിയാർ പഞ്ചായത്തിലെ ബാവിക്കര റെഗുലേറ്റർ നിർമ്മിക്കുന്നതിലേക്കായി ഒരു പദ്ധതി ജലസേചന വകുപ്പിന്റെ പരിഗണനയിലുണ്ട്. നദിയിൽ ഉപ്പുവെള്ളം കയറുന്നത് തടയുന്നതിന് പുറമെ സ്ഥലവാസികൾക്ക് ജലസേചനത്തിനും കുടിവെള്ളത്തിനും പ്രയോജനപ്പെടുന്നതാണ് ഈ പദ്ധതി. അതിനാൽ ഇതിന്റെ പണി ജലസേചന വകുപ്പിന്റെയും കേരള വാട്ടർ അതോറിറ്റിയുടെയും സംയുക്ത സംരംഭമായി നടപ്പിലാക്കാനാണ് സർക്കാർ ഉദ്ദേശിക്കുന്നത്. ഈ പദ്ധതിക്ക് 1995-ൽ 127 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിരുന്നു. ഭരണാനുമതി റഗുലേറ്ററിനു വേണ്ടി മാത്രമായതിനാൽ, റഗുലേറ്റർ-കം-ബ്രിഡ്ജ് ആയി പണിയുന്നതിനുവേണ്ടി 178 ലക്ഷം രൂപയ്ക്കുള്ള എസ്റ്റിമേറ്റ് തയ്യാറാക്കിയിരുന്നു. 1999-ലെ പുതുക്കിയ ഷെഡ്യൂൾ നിരക്കനുസരിച്ച് ഇതിന്റെ എസ്റ്റിമേറ്റ് തുക 258 ലക്ഷം രൂപയാണ്. ഇതിന് ഭരണാനുമതിയും സാമ്പത്തികാനുമതിയും നൽകേണ്ടതുണ്ട്. ബഡ്ജറ്റിലെ വിഹിതത്തോടു കൂടി പദ്ധതി നടപ്പാക്കുവാൻ സർക്കാർ നിർദ്ദേശം നൽകിയിട്ടുണ്ട്.

(16) പെരിയാർവാലി പദ്ധതിയിൽനിന്ന് കനാലുകളിൽ വെള്ളം എത്തിക്കുന്നത് സംബന്ധിച്ച്

ശ്രീ. ജോണി നെല്ലൂർ : സർ, പെരിയാർവാലി ഇറിഗേഷൻ പ്രോജക്ടിൽ നിന്നുള്ള വെള്ളമാണ് എന്റെ നിയോജകമണ്ഡലത്തിലെ കുടിവെള്ളത്തിനും മറ്റുരണ്ടു പഞ്ചായത്തുകളുടെ കൃഷിക്കും ഉപയോഗിക്കുന്നത്. നാളുകളായി ഒരു തുള്ളിവെള്ളം പോലും ഈ കനാലുകളിലൂടെ വരുന്നില്ല. പെരിയാർവാലി കനാലിൽ നിന്നും വെള്ളം എത്തുന്ന പെരുംപാവൂർ നിയോജകമണ്ഡലത്തിനും ബഹുമാനപ്പെട്ട ശ്രീ. പി. പി. തങ്കച്ചന്റെ കുന്നത്തുനാട് നിയോജകമണ്ഡലത്തിനും ശ്രീ. എം. പി. വർഗീസിന്റെ മണ്ഡലത്തിനും, ശ്രീ. ടി. എം. ജേക്കബിന്റെ പിറവം നിയോജകമണ്ഡലത്തിനും വേണ്ടിയാണ് ഞാൻ പറയുന്നത്. നിരന്തരമായി പെരിയാർവാലി ഇറിഗേഷൻ പ്രോജക്ട് ഓഫീസിനുമുന്നിൽ ജനപ്രതിനിധികളുടെ നേതൃത്വത്തിൽ സമരം നടക്കുകയാണ്. ഇന്നലെ എന്റെ നിയോജകമണ്ഡലത്തിലെ കൃഷിക്കാരും ബഹുജനങ്ങളും ഒരുമിച്ച് പെരിയാർവാലി ഓഫീസ് ഉപരോധിച്ചു. ശ്രീ. എം. പി. വർഗീസിന്റെ നേതൃത്വത്തിലും ശ്രീ. പി. പി. തങ്കച്ചന്റെ

LIBRARY ARCHIVES Kerala Legislative Assembly